പതിനാലാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1300 | 30/01/2018 -ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>,, എം. വിൻസെന്റ്<br>,, വി.പി.സജീന്ദ്രൻ<br>,, ഷാഫി പറമ്പിൽ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം വളരെ വർദ്ധിച്ചുവെന്ന റിപ്പോർട്ട് ഗൗരവമായി വിദ്യാഭ്യാസ വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(എ) പരിഗണിച്ചിട്ടുണ്ട്. സ്കൂളുകളിലെ കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതു മൂലമുള്ള ദൂഷ്യവശങ്ങൾ സംബന്ധിച്ച് കൗൺസിലിംഗ് നൽകുന്നുണ്ട്. കൂടാതെ സ്കൂളിന് 100 വാര ചുറ്റളവിൽ ലഹരി വസ്തുക്കൾ വിൽക്കുന്നത് നിരോധിച്ചിട്ടുണ്ട്. മാത്രമല്ല സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, ജാഗ്രതാ സമിതികൾ എന്നിവയും ആരംഭിച്ച് പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്കിടിയിൽ ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തുവാനും അവർക്ക് പ്രത്യേക കൗൺസിലിംഗ് ക്ലാസ്സുകൾ നൽകുവാനും നടപടി സ്വീകരിച്ചുവരുന്നു. വിമുക്തി സ്റ്റിക്കർ എല്ലായിടത്തും പതിയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്സുകൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ എക്സൈസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് നടത്താറുണ്ട്. കൂടാതെ സൗഹൃദ ക്ലബ്ബുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ കോ-ഓർഡിനേറ്റർമാർക്ക് ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള വിദഗ്ധ പരിശീലനം ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിന്നും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് (NIMHANS) നിന്നും നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) സർക്കാർ എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്ന ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി വിദ്യാർത്ഥികളെ ഈ വിപത്തിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) വിദഗ്ധ പരിശീലനം ലഭിച്ച സൗഹൃദ കോ-ഓർഡിനേറ്റർമാർ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തി പ്രാഥമിക കൗൺസിലിംഗ് നൽകി ഈ വിപത്തിൽ നിന്നും രക്ഷപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ, സൗഹൃദ ക്ലബ്ബിന്റെ ഡ്രോപ് ബോക്സിൽ ലഹരിയുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചാൽ എക്സൈസ് വകുപ്പിന് കൈമാറാറുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്. |
| (സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 50 യാർഡ് ദൂരത്തുള്ള സ്റ്റാർ ഹോട്ടലുകളിൽ ബാർ ലൈസൻസ് അനുവദിക്കുന്നതിനുള്ള പുതിയ അബ്കാരി നയം വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിന് സഹായകമാകും എന്ന് വിദ്യാഭ്യാസ വകുപ്പ് കരുതുന്നുണ്ടോ? | (സി) സ്റ്റാർ ഹോട്ടലുകളിലെ ബാറുകളിൽ നിന്നും സ്കൂൾ വിദ്യാർത്ഥികൾ ലഹരി വസ്തുക്കൾ വാങ്ങി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ആയതിനാൽ സർക്കാരിന്റെ പുതിയ അബ്കാരി നയവും കുട്ടികളിലെ ലഹരി ഉപയോഗവും തമ്മിൽ ബന്ധമില്ല. |

സെക്ഷൻ ഓഫീസർ